പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 12.07.2016 -ൽ മറുപടിക്ക്

ചോദ്യം നം. 1172

# കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി) |
| എ) | 2007- ൽ നിർമ്മാണത്തിന് തുടക്കമിട്ട കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 2011-2016 കാലയളവിൽ വേണ്ടത്ര പുരോഗമിക്കാത്തതായും, സമയബന്ധിതമായി പൂർത്തിയാക്കാത്ത-തായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. 2007 ൽ തുടക്കമിട്ട കൊയിലാണ്ടി ഫിഷിംഗ് ഹാർബറിലെ വാർഫിന്റെയും ലേലപ്പുരയുടേയും ടെണ്ടറിനോടൊപ്പം റിക്ളമേഷൻ പ്രവൃത്തിയും ടെണ്ടർ ചെയ്തിരുന്നു. റിക്ളമേഷൻ പ്രവൃത്തിക്ക് സൗത്ത് ബ്രേക്ക് വാട്ടറിന്റേയും, നോർത്ത് ബ്രേക്ക് വാട്ടറിന്റേയും വശങ്ങളിലുള്ള മണ്ണ് ഉപയോഗപ്പെടുത്തുവാനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ രണ്ട് പ്രാവശ്യം പ്രദേശവാസികളുടെ എതിർപ്പു മൂലം റിക്ളമേഷൻ പ്രവൃത്തി ചെയ്യാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ വീണ്ടും റിക്ളമേഷൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റിക്ളമേഷന് ആവശ്യമായ മണ്ണ് പുതിയാപ്പ ഹാർബറിൽ നിന്നും എടുത്തു കൊണ്ട്പോയാണ് പ്രവൃത്തി ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ബാക്കി പ്രവൃത്തികൾ ആരംഭിക്കുവാൽ സാധിക്കുകയുള്ളൂ. |
| ബി) | കൊയിലാണ്ടി ഹാർബറിൽ ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്നും ആയത് എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | | വടക്കേ പുലിമുട്ട് 85 മീറ്റർ ദീർഘിപ്പിക്കൽ, റിക്ളമേഷന്റെ ശേഷിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിച്ചു വരുന്നു. ലേലപ്പുര, ഡ്രഡ്ജിംഗ്, റോഡുകൾ, പാർക്കിംഗ് ഏരിയ, കാന്റീനും പ്രൊവിഷൻ സ്റ്റോറും, ഗേറ്റ് ആന്റ് ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ, സീവറേജ്, ടോയിലറ്റ് ബ്ലോക്ക്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നിവ പൂർത്തീകരിക്കുവാനുണ്ട്. ആയത് റിക്ളമേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. 2017 മാർച്ചിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ